

"ഒരുക്കം " 2023 പദ്ധതി ഉമതോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# തൃക്കാക്കര നഗരസഭാ ഒരുക്കം 2023 ന് തുടക്കം

തൃക്കാക്കര: തൃക്കാക്കര നഗരസഭയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് നാന്ദികുറിക്കുന്ന "ഒരുക്കം "2023 പദ്ധതിക്ക് തുടക്കം. ഉമ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർപേഴ്സൻ രാധാമണി പിള്ള അദ്ധ്യക്ഷത വഹിച്ചു. നഗരസഭയിലെ അജൈവ മാലിന്യ ശേഖരണം സുഗമമാക്കുന്നതിന് വാങ്ങിയ ഏഴ് ഹൈഡ്രോളിക് ഓട്ടോകളുടെ താക്കോൽദാനം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് മുതിർന്ന ഹരിതകർമ്മ സേനാ അംഗം ലിസി ജോയിക്ക് നൽകി നിർവഹിച്ചു.

കൊച്ചി മെട്രോ എം.ഡി ലോക്നാഥ് ബെഹ്റ, ഭാരത് മാതാ കോളേജ് സോഷ്യൽ വർക്ക് വിഭാഗം മേധാവി ഷീന ഫിലിപ്പ്, നഗരസഭാ വൈസ് ചെയർമാൻ പി.എം. യൂനസ്, സ്ഥിരം സമിതി അദ്ധ്യക്ഷന്മാരായ സ്മിത സണ്ണി, നൗഷാദ് പല്ലച്ചി, ഉണ്ണി കാക്കനാട്, സുനീറ ഫിറോസ്, സോമി റെജി, നഗരസഭാ പ്രതിപക്ഷ നേതാവ് എം.കെ. ചന്ദ്രബാബു, കൗൺസിലർമാരായ എ.ഐ. ഇബ്രാഹിംകുട്ടി, ഷാജി വഴക്കാല, എം.ജെ. ഡിക്സൺ, ശുചിത്വ മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർ ധന്യ റോണി തുടങ്ങിയവർ സംസാരിച്ചു.

Keralakaumudi - 08/10/23